# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2501 09.12.2014- ൽ മറുപടിക്ക്

### ഹാന്റെക്സിലെ ഫൈനാൻസ് മാനേജരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീമതി.ജമീല പ്രകാശം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഹാന്റെക്സിൽ നിലവിലുള്ള ഫൈനാൻസ് മാനേജരെ കോൺട്രാക്ട് വ്യവസ്ഥയിൽ ആണോ നിയമിച്ചിട്ടുള്ളത്; | (എ) കോൺട്രാക്ട് വ്യവസ്ഥയിൽ അല്ല നിയമിച്ചിട്ടുള്ളത്. |
| (ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br>(സി) ഈ ഉദ്യോഗസ്ഥന്റെ കോൺട്രാക്ടിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ;<br>(ഡി) എങ്കിൽ കാലാവധി കഴിഞ്ഞിട്ടും ഈ ഉദ്യോഗസ്ഥനെ ഫൈനാൻസ് മാനേജർ തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) & (സി) & (ഡി) ബാധകമല്ല |
| (ഇ) ഹാന്റെക്സിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഇ) ഹാൻടെക്സിൽ കെൽട്രോൺ മുഖാന്തിരം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇൻവെന്ററി, വിൽപന, എന്നിവ കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംഭരണശാലകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. വിൽപ്പനശാലകളിലെ കമ്പ്യൂട്ടറൈസേഷൻ പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| (എഫ്) എങ്കിൽ കമ്പ്യൂട്ടറൈസേഷന വേണ്ടി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എഫ്) ഹാൻടെക്സിൽ കമ്പ്യൂട്ടറൈസേഷന വേണ്ടി ഇതു വരെ ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | |
|---|---|---|
| കെൽട്രോൺ (സോഫ്റ്റ് വെയർ ഡെവലപ്മെന്റ്) | | 20,81,469.00 രൂപ |
| **കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും** | | |
| കമ്പ്യൂട്ടറുകൾ | 137 എണ്ണം | |
| പ്രിന്ററുകൾ | 112 എണ്ണം | |
| ബാർകോഡ് പ്രിന്ററുകൾ | 19 എണ്ണം | |
| ഓഫീസ് പ്രിന്റർ | 7 എണ്ണം | |
| ബാർകോഡ് സ്കാനർ | 117 എണ്ണം | 81,53,466.00 രൂപ |
| യു.പി.എസ് | 128 എണ്ണം | |
| പ്രിന്റർ ബിൽ | | |
| ലേബൽ | | |
| **ആകെ ചിലവായത്** | | **1,02,34,935.00 രൂപ** |

**സെക്ഷൻ ഓഫീസർ**